# പോലീസ് വേഷത്തിലെത്തി 15 ലക്ഷം രൂപയും കാറും കവർച്ച ചെയ്ത സംഘത്തിലെ മുഖ്യ സൂത്രധാരൻ അറസ്റ്റിൽ.



## പോലീസ് വേഷത്തിലെത്തി കവർച്ച, ഒരാൾ അറസ്റ്റിൽ

### പിടിയിലായത് കൊലപാതകമടക്കം നിരവധി കേസിലെ പ്രതി

**പാലക്കാട് ▸** പോലീസ് വേഷത്തിലെത്തി കവർച്ചനടത്തിയ കേസിലെ മുഖ്യ സൂത്രധാരന്മാരിലൊരാരം പിടിയിൽ. കണ്ണൂർ കാടാച്ചിറ കോട്ടൂർ സ്വദേശി മുഹമ്മദ് എന്ന മാമുവിനെയാണ് (42) കോങ്ങാട് പോലീസ് അറസ്റ്റ് ചെയ്തത്. ഇയാരം കൊലപാതകമടക്കം നിരവധി കേസിലെ പ്രതിയാണെന്ന് പോലീസ് പറയുന്നു.

മുഹമ്മദ്

കഴിഞ്ഞവർഷം ജനുവരിയിൽ കോങ്ങാട് പതിനാറാം മൈലിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. പോലീസ് വേഷധാരികളടങ്ങുന്ന സംഘം കാറിൽവന്നായിരുന്നു കവർച്ച.

മലപ്പുറം സ്വദേശി ഇസ്മയിൽ കൂട്ടുകാരായ അഷ്റഫ്, ഇസ്ഹാഖ് എന്നിവർ സഞ്ചരിച്ച കാർ തടഞ്ഞുനിർത്തി കൈയാമംവെച്ച് കാറിൽ കയറ്റുകയും അവരുടെ പക്കൽ ഉണ്ടായിരുന്ന 15 ലക്ഷം രൂപയും കാറും തട്ടിക്കൊണ്ടുപോവുകയും പിന്നീട് മൂവരെയും വഴിയിൽ ഇറക്കിവിടുകയുമായിരുന്നു.

കേസിൽ മൂന്ന് പോലീസ് വേഷധാരികളടക്കം ഏഴ് പ്രതികളാണുള്ളത്. ഇതിലൊരാളാണ് പിടിയിലായത്. ബാക്കി പ്രതികളെക്കുറിച്ച് പോലീസിന് സൂചന ലഭിച്ചിട്ടുണ്ട്. പ്രതിയെ തിങ്കളാഴ്ച കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

പാലക്കാട് ഡിവൈ.എസ്.പി. വി.ഡി. വിജയകുമാർ, ഹേമാംബികനഗർ ഇൻസ്പെക്ടർ പ്രേമാനന്ദ കൃഷ്ണൻ, കോങ്ങാട് എസ്.ഐ. ഹരീഷ് എന്നിവരുടെ നേതൃത്വത്തിലാണ് കേസന്വേഷണം.

പോലീസ് വേഷത്തിലെത്തി 15 ലക്ഷം രൂപയും കാറും കവർച്ച ചെയ്ത സംഘത്തിലെ മുഖ്യ സൂത്രധാരൻ അറസ്റ്റിൽ. കണ്ണൂർ കാടാച്ചിറ, കോട്ടൂർ സ്വദേശി മുഹമ്മദ് (മാമു -42 വയസ്സ് ) ആണ് കോങ്ങാട് പോലീസിന്റെ പിടിയിലായത്. പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ ഐ. പി. എസ് അവർകളുടെ നിർദ്ദേശാനുസരണം പാലക്കാട് ഡി. വൈ. എസ്. പി ഡി. വിജയകുമാർ, ഹേമാംബിക നഗർ ഇൻസ്പെക്ടർ പ്രേമാനന്ദ കൃഷ്ണൻ, കോങ്ങാട് എസ്. ഐ ഹരീഷ്, ക്രൈം സ്ക്വാഡ് അംഗങ്ങളായ ജലീൽ, സജി,സുനിൽകുമാർ,സാജിദ്, പ്രശോഭ്, വിനീഷ്, രജീദ്, ഷമീർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.